പി.എ സൈനുദ്ദീൻ
sainpanachikkal@gmail.com

# വാർധക്യം എങ്ങനെ ഫലപ്രദമാക്കാം?

عَنْ أَبِي هُرَيْرَةَ رضي الله عنه، أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: قَلْبُ الشَّيْخِ شَابٌّ عَلَى حُبِّ اثْنَتَيْنِ : طُولُ الْحَيَاةِ، وَحُبُّ الْمَالِ (متفق عليه)

**അബൂ ഹുറയ്‌റയിൽ നിന്ന്. നബി (സ) പറഞ്ഞു: വൃദ്ധന്റെ മനസ്സ് രണ്ടു കാര്യങ്ങളോടുള്ള ഇഷ്ടത്തിൽ യുവത്വത്തിലാണ്; ദീർഘായുസ്സിനുള്ള മോഹത്തിലും സമ്പത്തിനോടുള്ള സ്‌നേഹത്തിലും (ബുഖാരി, മുസ്‌ലിം).**

വളരെ പരിമിതമായ കാലത്തേക്ക് മാത്രമുള്ള മനുഷ്യായുസ്സ് കാലം ചെല്ലുന്തോറും സ്വാഭാവികവും അസ്വാഭാവികവുമായി ഒരുപാട് സങ്കീർണതകൾ അഭിമുഖീകരിക്കേണ്ടിവരും. ശാരീരികമായ അസ്വസ്ഥതകൾക്കു പുറമെ മാനസികവും ബുദ്ധിപരവുമായ വിഹ്വലതകൾ, കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും നേരിടേണ്ടിവരുന്ന അവഗണനകൾ എന്നിങ്ങനെ പലവിധ പ്രയാസങ്ങൾ. അതുകൊണ്ടാണ് പ്രായാധിക്യമുള്ളവരോടുള്ള സമീപനം, അവർ മാതാപിതാക്കളല്ലെങ്കിൽ പോലും മാന്യമായിരിക്കണമെന്ന് ഇസ്‌ലാം ഊന്നിപ്പറയുന്നത്. പ്രായം വർധിക്കുന്തോറും ദുൻയാവുമായി ബന്ധിപ്പിക്കുന്ന പാശത്തിന്റെ ഇഴകൾ ദ്രവിച്ചുകൊണ്ടിരിക്കും. ഈ സാഹചര്യത്തിൽ വിശ്വാസി എങ്ങനെയായിരിക്കരുത് എന്നാണ് ഈ നബിവചനം ഉദ്‌ബോധിപ്പിക്കുന്നത്.

ഒരാളുടെ അകാല വിയോഗം ഭൗതിക ലക്ഷ്യങ്ങൾക്കു വേണ്ടി പടവെട്ടി വിജയിക്കാൻ അവസരം കിട്ടാതെ, പരലോകത്തേക്ക് കാര്യമായ സമ്പാദ്യമൊന്നുമില്ലാതെ മടങ്ങലാണെന്ന് വിലയിരുത്തപ്പെടാറുണ്ട്. ആയുർദൈർഘ്യമുണ്ടായാലും ഇതുതന്നെയാവും സ്ഥിതി. അതിനാൽ വാർധക്യമാവുമ്പോഴെങ്കിലും ആത്മീയജീവിതം സജീവമാക്കാൻ സമയം കാണേണ്ടതുണ്ട്. അവസരമെല്ലാം ദുരുപയോഗം ചെയ്ത് മരണാനന്തര ജീവിതത്തിലേക്ക് ഒന്നും സമ്പാദിച്ചു വെക്കാൻ കഴിയാത്ത തരത്തിൽ ധനമോഹവും ദീർഘായുർമോഹവും പ്രായത്തിന്റെ പക്വതയെ അതിജയിക്കുന്നുവെങ്കിൽ, പുരുഷായുസ്സിന്റെ പരമാവധിയിൽ കൂടുതൽ ജീവിച്ചാലും മടിശ്ശീലയിൽ ഒന്നും ബാക്കിയാവാതെ മരണമാകുന്ന തിരശ്ശീല വീഴുന്നത് മറ്റുള്ളവർക്ക് നോക്കിക്കാണേണ്ടിവരും. ജീവിതം പരമാവധി എത്രകാലം ഈ ദുൻയാവിൽ എന്നത് ഗവേഷണം നടത്തേണ്ടതില്ലാത്ത വിധം സുവ്യക്തമാണ്. സമ്പത്തിനോടുള്ള നിലപാടിനെക്കുറിച്ച് പരാമർശിക്കുമ്പോൾ, യുവത്വത്തിൽ ചോര നീരാക്കി സമ്പാദിച്ച ധനം സന്തതികളാൽ ധൂർത്തടിക്കപ്പെടാതിരിക്കാനും അന്യാധീനപ്പെടാതിരിക്കാനുമുള്ള ജാഗ്രതാ നടപടികളിൽ ശ്രദ്ധിക്കുന്നത് ഈ നബിവചനത്തിന് എതിരാകുന്നില്ല. ജീവിതപ്രയാണത്തിന്റെ അവസാന ദിനങ്ങൾ അതിവേഗം പാഞ്ഞുപോയ്‌ക്കൊണ്ടിരിക്കെ വിചാരണാ നാളിലേക്ക് തഖ്‌വയാകുന്ന വിഭവ(സാദ്)മൊരുക്കിവെക്കാനാണ് ഖുർആൻ നിർദേശിക്കുന്നത്. ജീവിതത്തിന്റെ അന്ത്യയാമങ്ങൾ ദൈവസാമീപ്യത്തിന് അനുഗുണമായ വിധത്തിൽ എങ്ങനെ ഉപയോഗപ്പെടുത്തണമെന്ന് യഅ്ഖൂബ് നബിയുടെ ജീവിതം നമുക്ക് പറഞ്ഞുതരുന്നു. ഇബാദത്തിലായിരിക്കുമ്പോഴാണ് അദ്ദേഹത്തിന് മരണം സംഭവിക്കുന്നത്. പ്രായമേറെ ചെന്നപ്പോൾ തന്റെ ദൗത്യം ഏറ്റെടുക്കാൻ പിൻഗാമി ഇല്ലാതെ വരുമോ എന്ന് ഭയന്ന് പുത്രസൗഭാഗ്യത്തിനു വേണ്ടി പ്രാർഥിച്ച സകരിയ്യ, ഇബ്‌റാഹീം പ്രവാചകന്മാരുടേതും അനുകരണീയ മാതൃകകൾ തന്നെ. യുവത്വത്തിലോ ജീവിതത്തിന്റെ മറ്റു സന്ദർഭങ്ങളിലോ ഇല്ലാത്ത ദുശ്ശാഠ്യം, ദുസ്സ്വഭാവം, ദുരഭിമാനം, പിശുക്ക് തുടങ്ങിയ സ്വഭാവങ്ങൾ ഇന്ന് പ്രായമായിക്കൊണ്ടിരിക്കുന്ന പലരുടെയും ജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. മധ്യവയസ്സ് പിന്നിട്ട ഒരു വ്യക്തി, നന്മകളുടെ കരുതൽശേഖരം വർധിപ്പിക്കാനാണ് ജാഗ്രത പുലർത്തേണ്ടത്.

ഭൗതിക ജീവിതത്തിന്റെ ഗുണത്തിനു വേണ്ടി ഇവിടെ എന്നെന്നും ജീവിക്കുന്നതുപോലെ പ്രവർത്തിക്കുകയും പാരത്രിക മോക്ഷത്തിനു വേണ്ടി ഇന്നോടെ ജീവിതം അവസാനിക്കുമെന്ന ചിന്തയിൽ കർമനിരതനാവുകയും വേണമെന്നാണ് റസൂൽ (സ) വിശ്വാസികളെ ഉപദേശിച്ചത്. പക്ഷേ, നബിവചനത്തിന്റെ ആദ്യഭാഗം മാത്രം പ്രയോഗവത്കരിച്ച് ആയുസ്സ് പാഴാക്കുകയാണ് വാർധക്യത്തോടടുക്കുന്ന പലരും. ഇത്തരം കാര്യങ്ങളൊക്കെത്തന്നെ മരണം സംഭവിക്കാൻ ഇനിയുമേറെ സമയമുണ്ട് എന്ന ചിന്തയിൽനിന്ന് ഉടലെടുക്കുന്ന പൈശാചികപ്രേരണകളാണെന്ന് മനസ്സിലാക്കണം.